# അരുവി

ഫാത്തിമാ അക്ബർ

ഒഴുകിയകലുന്ന പൊന്നരുവീ
നീ ഓടിയടുക്കുന്നതാരിലേക്ക്?!
വിരഹത്തിലൊഴുകുന്ന കണ്ണീരോ നീ
ഉല്ലസിച്ചൊഴുകുന്ന തെളിനീരോ നീ
കണ്ടിട്ടും മിണ്ടാതെയൊഴുകുന്നു നീ
കാണാപ്പുറങ്ങൾ തേടിത്തേടി!

അറിയുന്നു ഞാൻ നിന്റെയീ
അഴകാർന്ന പോക്ക്
പ്രിയനെ കാണാൻ വെമ്പുന്നോ നീ?!
ആനന്ദം പൂണ്ട കണ്ണുകളാലവൻ
നിന്റെ വരവ് അറിയുന്നുണ്ടോ?!
സ്നേഹം എന്ന അനശ്വരവാക്ക്
അവൻ നിന്നിലേക്കെറിയുന്നുണ്ടോ?
മനസാ ഞാനൊന്ന് മൊഴിഞ്ഞോട്ടെ
മൗനം മാത്രമോ നിന്നുത്തരം?!




കഥാപാത്രങ്ങൾക്ക് പേരുകൾ ഇല്ലാത്ത മലയാള നോവൽ– മരണ സർട്ടിഫിക്കറ്റ്(ആനന്ദ്)